"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീ.മൊയ്ദീൻ കുട്ടി വി, ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി നം.6913/2017 - തീർപ്പ ഫയൽ കണ്ടെത്തുന്നതിനായി ടീം രൂപീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(എഎ) വകുപ്പ്**

സ.ഉ.(സാധാ) നം.802/2026/LSGD തീയതി,തിരുവനന്തപുരം, 19-03-2026

---

പരാമർശം:-

1. ബഹു.ഹൈക്കോടതി മുമ്പാകെ ശ്രീ.മൊയ്ദീൻ കുട്ടി വി. ഫയൽ ചെയ്ത റിട്ട് ഹർജി നം.6913/2017.
2. അഡ്വക്കേറ്റ് ജനറലിന്റെ 17.10.2023-ലെ WP(C) No.6913/2017 നമ്പർ കത്ത്.
3. 27.01.2026-ലെ AA4/103/2023-എൽ.എസ്.ജി.ഡി നമ്പർ അനൗദ്യോഗിക കുറിപ്പ്.

**ഉത്തരവ്**

ശ്രീ.മൊയ്ദീൻ കുട്ടി വി ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി നം.6913/2017-മായി ബന്ധപ്പെട്ട് 2014 ലെ 34652/AA1/2013/LSGD ഫയൽ പ്രകാരം സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് സംഘം 13.05.2013 ന് മൂർക്കനാട് ഗ്രാമ പഞ്ചായത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി ഹാജരാക്കാൻ പരാമർശം (2) പ്രകാരം അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത ഫയൽ സെക്ഷനിലും റിക്കോർഡ്സിലും അന്വേഷിച്ചെങ്കിലും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. സെക്രട്ടേറിയേറ്റിലെ വിവിധ വകുപ്പുകൾ മുഖേന പരാമർശം (3) പ്രകാരം നടത്തിയ അന്വേഷണത്തിലും പ്രസ്തുത ഫയൽ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ, തീർപ്പ ഫയൽ കണ്ടെത്തുന്നതിനായി, താഴെ പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ടീം രൂപീകരിച്ചു ഉത്തരവാകുന്നു.

1. ശ്രീമതി ലിസി സൂസൻ ജോൺ, അണ്ടർ സെക്രട്ടറി, തദ്ദേശ സ്വയംഭരണ (എഎ) വകുപ്പ്
2. ശ്രീ.ജയകൃഷ്ണൻ കെ., സെക്ഷൻ ഓഫീസർ, തദ്ദേശ സ്വയംഭരണ (എഎ) വകുപ്പ്
3. ശ്രീമതി സംഗീത ആർ., സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, തദ്ദേശ സ്വയംഭരണ (എഎ) വകുപ്പ്

പ്രസ്തുത ഉദ്യോഗസ്ഥർ ഫയൽ കണ്ടെത്തുന്നതിനാവശ്യമായ തിരച്ചിലുകൾ നടത്തി ഒരാഴ്ചക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്:-

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
തദ്ദേശ സ്വയംഭരണ (എഎ) വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ C.A-യ്ക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
സെക്ഷൻ ഓഫീസർ
Date: 19-03-2026 17:09:55